# എല്ലാവരും കടക്കാർ

സഞ്ജയൻ



എല്ലാവരും കടക്കാർ
സഞ്ജയൻ
(മലയാളം: ലേഖനം)

© 2021, Sanjayan.
These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: The Squatters, a painting by George Caleb Bingham (1811–1879). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# എല്ലാവരും കടക്കാർ

സഞ്ജയന്റെ വായനക്കാരുടെ ഇടയിൽ തങ്ങൾക്ക് ഒരു പൈപോലും കടമില്ലെന്ന് അഭിമാനിച്ച ഞെളിയുന്നവർ വല്ലവരുമുണ്ടോ എന്നു സഞ്ജയൻ അറിയേണ്ടിയിരുന്നു. അവരുടെ 'ഞെളിച്ചൽ' സഞ്ജയൻ മാറ്റുവാൻ പോകുന്നു; അവരുടെ ഇന്നത്തെ സുഖനിദ്രയെ സഞ്ജയൻ ഭഞ്ജിക്കുവാൻ പോകുന്നു. എന്നാലെ, സഞ്ജയൻ അങ്ങനെയുള്ള 'അകട'ന്മാരോട്ടു പറയുന്നതാവിത്: നിങ്ങളിൽ ഓരോരുത്തർക്കും കൃത്യമായി 5ക. 7ണ. 3പ. വീതം കടമുണ്ട്. എനി മേലിൽ കോടതിയിൽനിന്നു വക്കീലന്മാർ എതിർവിസ്താരത്തിൽ 'നിങ്ങൾക്കു കടമുണ്ടോ? ചോദ്യം മനസ്സിലായില്ലേ? കടം—കടം. കടം വല്ലതുമുണ്ടോ?' എന്നു ചോദിക്കുമ്പോൾ 'ഇല്ല' എന്നു പറയുന്നതു നല്ലവണ്ണം ആലോചിച്ചിട്ടുവേണം.

'തനിക്കു ഭ്രാന്തുണ്ടോ? ഞാൻ ആർക്കാണു മേപ്പടി സംഖ്യ കൊടുക്കാനുള്ളത്" എന്നു നിങ്ങൾ ചോദിക്കുന്നു. ഞാൻ പറഞ്ഞുതരാം. ഇന്ത്യക്കാർ ഒട്ടാകെ ബ്രിട്ടീഷ് ഗവർമ്മേണ്ടിനു 150 കോടിയിൽ ചില്വാനം ഉറുപ്പിക കൊടുക്കുവാനുണ്ട്. ഈ സംഖ്യ പണ്ടു തറവാട്ടാവശ്യമാണെന്നു പറഞ്ഞു് ഈസ്റ്റിന്ത്യാ കമ്പനിക്കാരുടെ കാലം മുതല്ക്ക് ഇന്ത്യാഗവർമ്മേണ്ട് വസ്തുചൂണ്ടിപ്പണയത്തിന്മേൽ, ബ്രിട്ടീഷ് ഗവർമ്മേണ്ടിനോടു വാങ്ങിയതാണ്. ഇതിനെ ഇന്ത്യയിലെ ജനസംഖ്യ കൊണ്ടു ഹരിച്ചാൽ ഓരോരുത്തർക്കു വീഴുന്ന ഓഹരിയാണ് മുൻഖണ്ഡികയിൽ കാണിച്ചിട്ടുള്ളത്.

നിങ്ങൾ ഇതിനെക്കുറിച്ച് എന്തുചെയ്വാൻ വിചാരിക്കുന്നു? സഞ്ജയൻ ചെയ്യേണ്ടതെന്തെന്നു തീർച്ചപ്പെടുത്തിക്കഴിഞ്ഞു. ഞാൻ ഈ കടം വീട്ടുവാൻ പോകുന്നു. നവവത്സരാരംഭത്തിനു മുൻപ് പ്രസ്തുതസംഖ്യ ഒരു കിഴിയാക്കി കെട്ടി സഞ്ജയൻ മലബാർ ട്രഷറി ആഫീസരുടെ മുൻപാകെ ഹാജരായി എന്റെ കടം വീട്ടി രശീതി വാങ്ങുവാൻ പോകുന്നു. ജനവരി ഒന്നാംതീയതി നിഷ്കടത്വംകൊണ്ടു മാത്രം ഉണ്ടാകുന്ന മുഖപ്രസാദത്തോടും, കൺതെളിവോടും ഉൾബലത്തോടും കൂടി കോഴിക്കോട്ടെ പുതിയ കോൺക്രീറ്റ് നിരത്തിൽക്കൂടി ഒരാൾ, യാതൊരാവശ്യവുമില്ലാതെ, അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നതു നിങ്ങൾ കാണും. ആ ആൾ സഞ്ജയനായിരിക്കും.

ഒരുസമയം ട്രഷറി ആപ്പീസർ ഈ സംഖ്യ സ്വീകരിച്ചിട്ടില്ലെങ്കിലോ? എന്നാൽ എന്താണ്? ഞാൻ ഈ 5ക. 7ണ. 3പൈ. മണിയോഡർ വഴിയായി സർ സാമുവൽ ഹോറിനയച്ചുകൊടുക്കും. അതു മടക്കുവാനുള്ള ധൈര്യം സർ സാമുവലിന് ഉണ്ടാവുകയില്ലെന്ന് എനിക്കു നല്ല ഉറപ്പുണ്ട്. ബ്രിട്ടീഷ് ഗവർമ്മേണ്ടിന്റെ ഇന്നത്തെ ധനസ്ഥിതി കിട്ടാനുള്ള പണം വേണ്ടെന്നു വെക്കത്തക്ക നിലയിലല്ലെന്നു സഞ്ജയന് അറിയാം.

9-12-1934

# ഉദ്യോഗതിമിരം

മൂന്നു ദോഷങ്ങളും ഒന്നായി കോപിച്ചു കണ്ണിൽ വന്നിറങ്ങി കാഴ്ചയെ നശിപ്പിക്കുന്ന രോഗമാണ് ‘തിമിര’-മെന്ന് അഷ്ടാംഗഹൃദയം പറയുന്നു. ആയിരിക്കാം. ഒരു രോഗത്തെക്കുറിച്ച് ഇങ്ങനെയാണ്, എന്ന് അഷ്ടാംഗഹൃദയം പറയുമ്പോൾ, അങ്ങനെ അല്ലെന്നു പറയാൻ നമ്മളാരാണ്? പക്ഷേ, ഇതു സാധാരണ തിമിരമാണ്. ത്രിദോഷങ്ങൾ കോപിക്കാതെ, ബുദ്ധിയിൽച്ചെന്നിറങ്ങി വിവേകത്തെയും മനുഷ്യത്വത്തെയും നശിപ്പിക്കുന്ന വേറെയൊരു തരം തിമിരമുണ്ട്. അതിന്റെ പേർ ഉദ്യോഗതിമിരമെന്നാണ്.

ഉദ്യോഗതിമിരം, ഉദ്യോഗത്തിന്റെ വലിപ്പത്തിനും, രീതിക്കും, രോഗിയുടെ മനഃസ്ഥിതിക്കും, ചുറ്റുമുള്ളവരുടെ പെരുമാറ്റത്തിനും അനുസരിച്ചു പല വകുപ്പുകളായി വിഭാഗിക്കപ്പെട്ടിട്ടുണ്ട്. മണ്ഡൂകാചാര്യൻ ഇങ്ങനെ പറയുന്നു:

‘പ്രായശോദ്യോഗഭേദേന
സാഹചര്യാച്ച കുത്രചിൽ
ഉദ്യോഗതിമിരം ജ്ഞേയം
തദ്വിശേഷവിധേഃ ക്വചചിൽ’

ഇതിന്റെ അർത്ഥം ഇങ്ങനെയാണ്: പ്രായേണ ഉദ്യോഗഭേദംകൊണ്ട് ഉദ്യോഗതിമിരം ജ്ഞേയമാകുന്നു (അറിയപ്പെടുന്നു). ചിലേടത്ത് അതിനെ സമീപത്തിലെ ആളുകളുടെ സ്ഥിതികൊണ്ട് അറിയണം; ചിലേടത്തു വിശേഷവിധികൊണ്ടും അറിയണം. എനി ഇതിനെ വിവരിക്കുന്നു. അധികം രോഗികൾക്കും ഉദ്യോഗവലിപ്പത്തിനനുസരിച്ചാണു തിമിരത്തിന്റെ ശക്തി കൂടിവരുന്നത്. ഞാനും നിങ്ങളും (അതായത്, നിങ്ങൾ എന്നെപ്പോലെ വെറും ഒരു കാല്ക്കാശിനു കൊള്ളാത്ത അനുദ്യോഗസ്ഥനാണെങ്കിൽ) ഒരു സാധാരണ കൺസ്റ്റേബിളിനേയോ ഗുമസ്തനേയോ, മാസ്റ്ററേയോ, മസാൽച്ചിയേയോ അപേക്ഷിച്ച് അതിമിരന്മാരാണ്. പക്ഷേ, കൺസ്റ്റേബിളിനേക്കാൾ ഹെഡ് കൺസ്റ്റേബിളിനും, ഗുമസ്തനെക്കാൾ ഹേഡ്ഗുമസ്തനും, മാസ്റ്ററേക്കാൾ ഹേഡ്മാസ്റ്റർക്കും, മസാൽച്ചിയേക്കാൾ ശിപായിക്കും, ശിപായിയേക്കാൾ ദഫേദാർക്കും തിമിരം കൂടും.

‘സാഹചര്യാച്ച കുത്രചിൽ’ എന്ന വരിക്ക് ഒന്നിലധികം വ്യാഖ്യാനങ്ങളുണ്ട്. ചിലർ പറയുന്നത് ഇതു വലിയ വലിയ ഉദ്യോഗസ്ഥന്മാരുടെ അടുത്തു പരിചയക്കാർക്കും, സംബന്ധികൾക്കും, സിൽബന്ധികൾക്കും മറ്റും, പ്രതിഫലന്യായപ്രകാരം, പകർന്നുപിടിച്ചുകാണുന്ന തിമിരഭേദത്തെ കുറിക്കുന്നു എന്നാണ്, കൈബർപാസായി അലഞ്ഞുനടക്കുന്ന വിദ്വാനാണെങ്കിൽക്കൂടി പെട്ടെന്ന് ഒരു ജഡ്ജിയുടേയോ ഹേഡിന്റേയോ അളിയനോ മകളുടെ ഭർത്താവോ മറ്റോ ആയിപ്പോവുകയാണെങ്കിൽ ചിലർക്കു വന്നുചേരുന്ന അന്തസ്സും അവസ്ഥയും ഇതിന് ഉദാഹരണങ്ങളായി പറയപ്പെട്ടിട്ടുണ്ട്. മജിസ്ട്രേട്ടെജമാനന്റെ വാല്യക്കാരൻ പീടികയിൽച്ചെന്നാൽ അവിടെ എത്ര ആളുകളുണ്ടെങ്കിലും അവൻ ആദ്യം സാമാനം കെട്ടിക്കൊടുക്കേണമെന്നുള്ള നിബന്ധനയും, പോലീസ് ഇൻസ്പെക്ടറുടെ അളിയനുവേണ്ടി മെയിൽ ബസ്സാണെങ്കിൽക്കൂടി താമസിച്ചു, വഴി വളച്ച്, മുൻപിലത്തെ സീറ്റ് ഒഴിച്ചുവെച്ച് അദ്ദേഹത്തിന്റെ വീടിന്റെ പടിക്കൽക്കൂടി ഓടിക്കൊള്ളേണമെന്നുള്ള ഏർപ്പാടും ഈ വ്യാഖ്യാനത്തിനനുകൂലമായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.

പക്ഷേ, മഹാവിദ്വാനായ മണ്ടോത്ത് മാടൻഗുരുക്കളുടെ ‘ഗൂഡ്ദാർഥ ബോധിനീ’ വ്യാഖ്യാനത്തിൽ ഈ വരിക്കു വേറെ ഒരർത്ഥം പറഞ്ഞുകാണുന്നു. അദ്ദേഹം പറയുന്നത് ഉദ്യോഗത്തിന്റെ മേൽക്കീഴ്ഭേദംകൊണ്ട് തിമിരഭേദം ഗണിക്കപ്പെടണമെന്നാണ്. ഉദാഹരണമായി, അധികാരിയുടെ കാര്യത്തിൽ അംശം കോലക്കാരനെ ഇടയ്ക്ക് അദ്ദേഹം കാണാതിരിക്കുന്നത് ഈ തിമിരത്തിന്റെ ശക്തികൊണ്ടാണ്. പക്ഷേ, അദ്ദേഹത്തിന്റെ തിമിരം തഹസിൽദാരുടെ നേരെ പ്രവർത്തിക്കുകയുമില്ല. അങ്ങനെതന്നെ ഇടയ്ക്ക് നട്ടുച്ചയ്ക്ക് നിരത്തിന്മേൽ അന്യോന്യം വെട്ടുമുട്ടിപ്പോയാലും തഹസിൽദാർ അധികാരിയെ തിമിരബാധകൊണ്ട് കണ്ടില്ലെങ്കിലും, അതേ തഹസിൽദാർ ഇരുട്ടത്ത് ഒരു നാഴികദൂരെ കലക്ടറെ കണ്ടറിഞ്ഞു സലാം കൊടുത്തേക്കുമെന്നും ഗുരുക്കൾ വ്യാഖ്യാനിക്കുന്നു. വേറെയൊരു സംഗതി അടുത്തു കീഴെയുള്ള ഉദ്യോഗസ്ഥന്റെ നേരെയുള്ളതിനെക്കാൾ തിമിരം അധികം കീഴെയുള്ള ഉദ്യോഗസ്ഥന്റെ നേരെ ബാധിക്കുമെന്നുള്ളതാണ്. അതുകൊണ്ടു തിമിരത്തിന്റെ ഏറ്റക്കുറവ് ഉദ്യോഗസ്ഥാനങ്ങളുടെ സാഹചര്യത്തിനനുസരിച്ചു മാറുമെന്നത്രേ മാടസിദ്ധാന്തമാകുന്നത്.

‘തദ്വിശേഷവിധേഃ ക്വചിൽ’ എന്നതിന് ഏറ്റവും ഭംഗിയായ അർത്ഥകല്പന ലക്കറ്റേടത്ത് വാസുകൈമളുടെ ടീകയിലാണു കാണപ്പെടുന്നത്. അദ്ദേഹം ഇങ്ങനെ പറയുന്നു: ‘തിമിരവിഷയത്തിൽ എല്ലാ ഉദ്യോഗങ്ങളും ഒരുപോലെയല്ല, വിശേഷവിധിയുണ്ട്. ഇൻസ്പെക്ടരുടെ ഉദ്യോഗം എടുക്കുക.

‘പോലീസും, റവന്യൂ, പിന്നെയുപ്പു, കുപ്പ, കുരിപ്പ പിന്നെ സ്കൂളെന്നാറുവിധം പ്രോക്തമിൻസ്പെക്ടർപ്പണി മുഖ്യമായ്.’ എന്നു കല്ക്കിപുരാണത്തിൽ പറഞ്ഞിട്ടുണ്ട്. ഈ ശ്ലോകപ്രകാരം ഇൻസ്പെക്ടർമാരെ, പോലീസ്, റവന്യൂ, ഉപ്പ് (സാൾട്ട്), കുപ്പ (സാനിറ്ററി), കുരിപ്പ് (വാക്സിനേഷൻ), സ്കൂൾ—ഇങ്ങനെ ആറുതരമായി വിഭാഗിക്കാം. പക്ഷേ, പട്ടർക്കുമുണ്ട് പൂണുൽ, ചെട്ടിക്കുമുണ്ട് പൂണുൽ: എന്തു വ്യത്യാസം!’ എന്നു പാതിരി സായ്പു ചോദിച്ചതുപോലെ, ‘എന്തു വ്യത്യാസാ!’ പോലീസ് ’ ഇൻസ്പെക്ടരെ കണ്ടാൽ അല്പം വഴി നാട്ടുപ്രമാണികൾ കൂടി വിട്ടുകൊടുക്കുമെങ്കിൽ, ‘കുരിപ്പ് ഇൻസ്പെക്ടരെക്കണ്ടാൽ കൂലിക്കാരൻകൂടി തലയിൽനിന്നു മുണ്ടെടുക്കുകയില്ല.’ ഈ വ്യത്യാസം ഇവരുടെ തിമിരത്തിനുമുണ്ടെന്നാണ് ഈ വരിയുടെ അർത്ഥമെന്നു കൈമളവർകൾ യുക്തിയുക്തമായി വാദിക്കുന്നു. ഈ വാദത്തോടു സഞ്ജയൻ പൂർണ്ണമായി യോജിക്കുന്നുണ്ട്. ഈ വരിയെപ്പറ്റി വേറൊരു വ്യാഖ്യാനമുള്ളതു ഗുരുവായൂർ കാളിദാസരുടെ വകയാണ്. അദ്ദേഹം ഈ വിശേഷവിധികൊണ്ടു മനസ്സിലാക്കേണ്ടുന്നതു നഗരവും നാട്ടുപുറവും—ആപ്പീസും വീടും—ഇത്യാദിയായ സ്ഥലഭേദത്തെയാണ് എന്നു സമർത്ഥിക്കുന്നു. നഗരത്തിലേക്കാൾ നാട്ടുപുറത്തു തിമിരത്തിനു ശക്തി കൂടുമത്രേ, ആപ്പീസിലേയും വീട്ടിലെയും കാര്യത്തിൽ വ്യത്യാസമുണ്ടെന്നും അദ്ദേഹം പറയുന്നു. കീഴുദ്യോഗസ്ഥന്മാർക്ക് ആപ്പീസുകളിലേക്കാൾ വീടുകളിലും മേലുദ്യോഗസ്ഥന്മാർക്ക് ആപ്പീസിലും വീട്ടിലും ഒരുപോലെയും, തറവാടുകളിലെ അനന്തരവന്മാർക്കു വീടുകളിലേക്കാൾ ആപ്പീസിലുമാണുപോലും തിമിരബാധ കലശലായുണ്ടാവുക. പക്ഷേ ‘ഭാര്യയുടെ മുൻപാകെ അസ്തമിക്കാത്ത തിമിരമില്ല’ എന്ന് ഒരു കൈയെഴുത്തുകുറിപ്പു കാളിദാസരുടെ വ്യാഖ്യാനത്തിന്റെ മാർജിനിൽ കാണപ്പെടുന്നുണ്ട്.

സത്യാവസ്ഥ ആർക്കറിയാം? സഞ്ജയൻ ഉദ്യോഗസ്ഥനല്ല; ഉദ്യോഗസ്ഥന്മാരുടെ സാഹചര്യത്തെ സഞ്ജയൻ ഉപയോഗിച്ചിട്ടുമില്ല. അതുകൊണ്ട് ഇതൊക്കെ ഇങ്ങനെയൊക്കെയാണോ എന്ന് അനുഭവരസികന്മാർതന്നെ പറയണം. ശാസ്ത്രത്തിൽ കണ്ടതു പകർത്തിയെഴുതിയ ബന്ധവും കൈമളവർകളുടെ ടീകയിലെ യുക്തിയോടു യോജിച്ച ഒരപരാധവും മാത്രമേ സഞ്ജയനുള്ളൂ. ഏതുദ്യോഗത്തിൽ എത്ര വലിയ പദവിയിലിരുന്നാലും ലവലേശം തിമിരബാധയില്ലാത്ത ചില ഒന്നാന്തരം യോഗ്യന്മാരെ സഞ്ജയൻ നേരിട്ടും, അല്ലാതെയും അറിയുമെന്ന് ഒരു ശാസ്ത്രവും ‘വ്യാഖ്യാനവും നോക്കാതെ സഞ്ജയൻ ധൈര്യപ്പെട്ടു പറയുമെന്നുകൂടി: പ്രസ്താവിച്ച് ഈ ഗവേഷണം—പത്രഭാഷയെങ്ങനെ മതിയാക്കുന്നു.’

12-12-1934

□

## സഞ്ജയൻ



പ്രശസ്തനായ ഒരു മലയാള സാഹിത്യകാരനാണ് സഞ്ജയൻ. സഞ്ജയൻ എന്നത് തൂലികാനാമമാണ്, യഥാർത്ഥനാമം മാണിക്കോത്ത് രാമുണ്ണിനായർ (എം. ആർ. നായർ) എന്നാണ്. (ജനനം: 1903 ജൂൺ 13 – മരണം: 1943 സെപ്റ്റംബർ 13). തലശ്ശേരിക്കടുത്ത് 1903 ജൂൺ 13-ന് ജനിച്ചു. തന്റെ കൃതികളിൽ സഞ്ജയൻ, പാറപ്പുറത്ത സഞ്ജയൻ, പി. എസ്. എന്നിങ്ങനെ പലപേരിലും അദ്ദേഹം സ്വയം പരിചയപ്പെടുത്തുന്നുണ്ട്.

## കുടുംബം

1903 ജൂൺ 13-ന് തലശ്ശേരിക്കടുത്ത് ഒതയോത്ത് തറവാട്ടിൽ മാടാവിൽ കുഞ്ഞിരാമൻ വൈദ്യരുടെയും പാറുവമ്മയുടെയും മകനായാണ് സഞ്ജയൻ ജനിച്ചത്. പിതാവ് തലശ്ശേരി ബാസൽ മിഷൻ ഹൈസ്കൂളിൽ മലയാളപണ്ഡിതനായിരുന്നു. കടത്തനാട്ടു രാജാവ് കല്പിച്ചുകൊടുത്ത സ്ഥാനപ്പേരായിരുന്ന വൈദ്യർ എന്നത്. കവിയും ഫലിതമർമ്മജ്ഞനും സംഭാഷണചതുരനുമായിരുന്ന കുഞ്ഞിരാമൻ വൈദ്യർ 42-ാം വയസ്സിൽ മരിച്ചുപോയി. അച്ഛന്റെ കാലശേഷം രാവുണ്ണിയും സഹോദരങ്ങളും മാടാവ് വിട്ട് ഒതയോത്തേക്ക തിരിച്ചുപോന്നു.

വൈദ്യരുടെ രണ്ടാമത്തെ പുത്രനായിരുന്ന രാമുണ്ണി. രണ്ടു വയസ്സിനു മൂപ്പുള്ള, മൂത്തമകൻ കരുണാകരൻ നായർ റവന്യൂ വകുപ്പിൽ തഹസീൽദാരായിരുന്നു. നല്ല കവിതാവാസനയുണ്ടായിരുന്ന കരുണാകരൻ നായർ രാമുണ്ണി നായർ മരിക്കുന്നതിന് ഒന്നര വർഷം മുമ്പേ മരിച്ചുപോയി.

എം. ആറിന്റെ ഇളയ സഹോദരിയായിരുന്നു പാർവ്വതി എന്ന പാറുക്കുട്ടി. എം. ആറിനു വളരെയധികം വാത്സല്യമുണ്ടായിരുന്ന അനുജത്തിയെ പി. കുട്ടി എന്നായിരുന്നു അദ്ദേഹം വിളിച്ചിരുന്നത്. കോഴിക്കോട്ടു സാമൂതിരി ഹൈസ്കൂൾ ഹെഡ് മാസ്റ്ററായിരുന്ന പി. കുഞ്ഞിരാമൻ നായരായിരുന്നു പാറുക്കുട്ടിയുടെ ഭർത്താവ്.

വൈദ്യരുടെ അകാലചരമത്തിനുശേഷം ഏറെ വർഷങ്ങൾ കഴിഞ്ഞപ്പോൾ, വേണ്ടപ്പെട്ടവരുടെ നിർബന്ധത്തിനു വഴങ്ങി സഞ്ജയന്റെ അമ്മ, പിണറായി പുതിയ വീട്ടിൽ ഡോ. ശങ്കരൻ നായരെ പുനർവിവാഹം ചെയ്തു. ഇങ്ങനെ കുഞ്ഞിശങ്കരൻ, ബാലകൃഷ്ണൻ, ശ്രീധരൻ എന്നീ പേരുകളിൽ മൂന്ന് അനുജന്മാരെക്കൂടി രാമുണ്ണിയ്ക്ക് ലഭിച്ചു.

## വിദ്യാഭ്യാസം

തലശ്ശേരി ബ്രാഞ്ച് സ്കൂൾ, തലശ്ശേരി ബ്രണ്ണൻ കോളേജ്, പാലക്കാട് വിക്ടോറിയാ കോളേജ്, ചെന്നൈ ക്രിസ്ത്യൻ കോളേജ്, തിരുവനന്തപുരം ലോ കോളേജ് എന്നിവിടങ്ങളിലാണ് പഠിച്ചത്. 1919-ൽ പാലക്കാട് വിക്ടോറിയാ കോളേജിൽ അദ്ദേഹം ഇന്റർമീഡിയറ്റിനു ചേർന്നു.

## സാഹിത്യപ്രവർത്തനം

1927-ൽ ലിറ്ററേച്ചർ ഓണേഴ്സ് ജയിച്ച സഞ്ജയൻ 1936-ലാണ് പ്രശസ്തമായ "സഞ്ജയൻ" എന്ന ഹാസ്യസാഹിത്യമാസിക ആരംഭിക്കുന്നത്. 1938 മുതൽ 1942 വരെ മലബാർ ക്രിസ്ത്യൻ കോളേജിൽ അദ്ധ്യാപകനായിരുന്ന കാലത്താണ് വിശ്വരൂപം എന്ന ഹാസ്യസാഹിത്യമാസിക പ്രസിദ്ധീകരിക്കുന്നത്. 1935 മുതൽ 1942 വരെ കോഴിക്കോട് കേരളപത്രികയുടെ പത്രാധിപനായിരുന്ന സഞ്ജയന്റെ പ്രധാനകൃതികൾ സാഹിത്യനികഷം (രണ്ട് ഭാഗങ്ങൾ), സഞ്ജയൻ (ആറ് ഭാഗങ്ങൾ), ഹാസ്യാഞ്ജലി, ഒഥല്ലോ (വിവർത്തനം) തുടങ്ങിയവയാണ്. അദ്ദേഹത്തിന്റെ സഞ്ജയോപഖ്യാനമെന്ന കവിതയും പ്രസിദ്ധമാണ്. കുഞ്ചൻ നമ്പ്യാർക്കു ശേഷമുള്ള മലയാളത്തിലെ വലിയ ഹാസ്യസാമ്രാട്ടായിട്ടാണ് സഞ്ജയൻ അറിയപ്പെടുന്നത്. കവി, പത്രപ്രവർത്തകൻ, നിരൂപകൻ, തത്ത്വചിന്തകൻ, ഹാസ്യപ്രതിഭ എന്നീ നിലകളിൽ പ്രശസ്തനായിരുന്നു. പരിഹാസപ്പുപ്പനിനീർച്ചെടിക്കെടോ ചിരിയത്രേ പുഷ്പം, ശകാരം മുള്ളു താൻ എന്ന അഭിപ്രായക്കാരനായിരുന്നു അദ്ദേഹം.

## മരണം

1943 സെപ്റ്റംബർ 13-ന് കുടുംബസഹജമായിരുന്ന ക്ഷയരോഗം മൂർച്ഛിച്ച് അന്തരിച്ചു.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.